"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ പൊന്നുരുന്നി സെന്റ് റീത്താസ് ഹൈസ്കൂളിലെ ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവ ഫയൽ ചെയ്ത WP(C) 16297/2023 നമ്പർ റിട്ട് പെറ്റിഷനിൽ 07.06.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.12/2026/GEDN തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. റിട്ട് ഹർജി നം.16297/2023 നമ്പർ റിട്ട് പെറ്റിഷനിൽ 07.06.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2024, 04.11.2025 തീയതികളിലെ ഡിജിഇ/8465/2023-ഇസി3 നമ്പർ റിപ്പോർട്ട്
3. എറണാകുളം ജില്ലാ കളക്ടറുടെ 19.02.2025 തീയതിയിലെ ഡിസിഇകെഎം/965/2025-എ6 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പൊന്നുരുന്നി സെന്റ് റീത്താസ് ഹൈസ്കൂളിലെ ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവ ഫയൽ ചെയ്ത WP(C) 16297/2023 നമ്പർ റിട്ട് പെറ്റിഷനിൽ 07.06.2024-ലെ വിധിന്യായ പ്രകാരം, ടി വിഷയം പെറ്റീഷണറെയും പ്രസ്തുത സ്കൂൾ മാനേജരേയും നേരിൽ കേട്ടും EXt.P13, Ext.P14 എക്സിബിറ്റുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചും വിധിന്യായപകർപ്പ് ലഭ്യമായി 4 മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് പരാമർശം 1 പ്രകാരം ഒന്നാം എതിർകക്ഷിയായ സർക്കാരിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 10.09.2024ൽ നേരിൽ കേട്ടു.

3. ഹർജിക്കാരിയുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഭരണനിയന്ത്രണത്തിലുള്ള പൊന്നുരുന്നി സെന്റ് റീത്താസ് ഹൈസ്കൂളിൽ 01-06-2019 മുതൽ ഫുൾടൈം മീനിയലായി മാനേജർ നിയമിച്ചു. എന്നാൽ നിയമന തിയതിയിൽ ഉയർന്ന പ്രായപരിധി അധികരിച്ചു എന്ന കാരണത്താൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിച്ചു. തുടർന്ന് സമർപ്പിക്കപ്പെട്ട അപ്പീലുകളും ഇതേ കാരണത്താൽ നിരസിക്കപ്പെട്ടു. പിന്നീട് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച ഹർജി 25-04-2022 ലെ സ.ഉ.(സാധാ) നം. 2646/2022/പൊ.വി.വ. ഉത്തരവ് പ്രകാരം നിരാകരിക്കുകയുണ്ടായി.

നിരന്തര ചികിത്സ ആവശ്യമായ വ്യക്തിയാണ് തന്റെ ഭർത്താവ് എന്നതിനാൽ തന്നെ അദ്ദേഹത്തിന് ജോലി ചെയ്യുവാനോ കുടുംബം സംരക്ഷിക്കുവാനോ കഴിയാത്ത അവസ്ഥയാണ്. രോഗിയായ ഭർത്താവിന്റെ ചികിത്സാ ചെലവുകളും, വൃദ്ധരായ ഭർതൃ മാതാവിന്റെയും, പിതാവിന്റെയും സംരക്ഷണ ചുമതലയും, വിദ്യാർത്ഥികളായ രണ്ട് മക്കളുടെ വിദ്യാഭ്യാസ ചെലവുകളും ഉൾപ്പെടെ കുടുംബത്തിന്റെ മുഴുവൻ ബാദ്ധ്യതകളും, ചുമതലകളും താൻ തനിച്ചാണ് നിർവ്വഹിക്കേണ്ടതായിട്ടുള്ളത്. ഇപ്രകാരം ഭാരിച്ച ചുമതലകൾ തനിച്ച് നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് താൻ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം തന്റെയും, കുടുംബത്തിന്റെയും പരിതാപകരമായ അവസ്ഥയിൽ മനസ്സലിഞ്ഞാണ് ഉയർന്ന പ്രായപരിധി അധികരിച്ചിട്ടും മാനേജർ തനിക്ക് ഒരു ജോലി തന്ന് സഹായിക്കുവാൻ സന്മനസ്സ് കാണിച്ചത്.

01-06-2019 മുതൽ തനിക്ക് എഫ്.ടി.എം. ആയി നിയമനം ലഭിക്കുന്നതിന് മുൻപ് താൻ ഇതേ മാനേജ്മെന്റിന് കീഴിലുള്ള തൈക്കൂടം സെന്റ് അഗസ്റ്റിൻസ് യു.പി.സ്കൂളിൽ പി.ടി.ഐ. നൽകി വന്നിരുന്ന നാമമാത്രമായ വേതനത്തിൽ 2013 മുതൽ 2018 വർഷം വരെ സ്വീപ്പർ ജോലികൾ നിർവ്വഹിച്ച് വരികയും ചെയ്തിരുന്നു. കൂടാതെ 06-06-2014 ലെ സ.ഉ.(കൈ) നം.97/2014/പൊ.വി.വ. ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിൽ സി.എച്ച്. മുഹമ്മദ് കോയ ഹയർ സെക്കണ്ടറി സ്കൂളിൽ 02-09-2006 മുതൽ എഫ്.ടി.എം. ആയി നിയമിതനായ ശ്രീ.അബൂബക്കർ കെ.കെ.ക്ക് ഉയർന്ന പ്രായപരിധിയിൽ സർക്കാർ ഇളവ് അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തന്റെയും, കുടുംബത്തിന്റെയും പരിതാപകരമായ അവസ്ഥ പരിഗണിച്ച് തന്റെ 01-06-2019 മുതലുള്ള ഫുൾടൈം മീനിയൽ നിയമനത്തിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി അംഗീകരിച്ച് നൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്.

4. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്

വരാപ്പുഴ അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള പൊന്നുരുന്നി സെന്റ് റീത്താസ് ഹൈസ്കൂളിൽ സ്ഥലംമാറ്റം വഴി ആവിർഭവിച്ച ഒഴിവിൽ ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയെ 01-06-2019 മുതൽ ഫുൾടൈം മീനിയലായി നിയമിച്ചു. നിയമനാർത്ഥിയായ ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടെ ജനന തിയതി 28-05-1979 ആണ്. നിയമന തിയതിയായ 01-06-2019 തീയതി പ്രാബല്യത്തിൽ 01-01-2019 ലെ പൂർത്തീകരിച്ച വയസ്സ് കണക്കാക്കുമ്പോൾ നിയമനാർത്ഥി 39 വയസ്സും 07 മാസവും പൂർത്തീകരിച്ചിട്ടുണ്ട്. നിയമനാർത്ഥിയുടെ ഭർത്താവ് ദീർഘകാലമായി ഗുരുതര രോഗത്തിന് തുടർച്ചയായ ചികിത്സയിൽ കഴിയുന്നതിനാൽ, ഭർത്താവിന്റെ ചികിത്സ, ഭർതൃമാതാവും, പിതാവും, കുട്ടികളും ഉൾപ്പെടുന്ന കുടുംബത്തിന്റെ സംരക്ഷണചുമതല ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം കുടുംബത്തിന്റെ കഷ്ടപ്പാടുകളും, ദയനീയാവസ്ഥയും കണക്കിലെടുത്ത് മാനുഷികപരിഗണനയുടെ പേരിൽ 01-06-2019 മുതൽ ഫുൾടൈം മീനിയലായി നിയമനം നൽകുകയായിരുന്നു. സാമ്പത്തികമായി ഏറ്റവും താഴെതട്ടിൽ ഉൾപ്പെടുന്ന അർഹരായ വ്യക്തികൾക്കാണ് മാനേജ്മെന്റിൽ എഫ്.ടി.എം. തസ്തികയിൽ നിയമനം നൽകാറുള്ളത്. ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടെ നിസ്സഹായാവസ്ഥ ശ്രദ്ധയിൽപ്പെട്ട വേളയിൽ നിയമനം നൽകുവാൻ വ്യവസ്ഥാപിത ഒഴിവ് മാനേജ്മെന്റിൽ ലഭ്യമല്ലായിരുന്നു. ആയതിനാലാണ് നിശ്ചിത പ്രായപരിധിക്കുള്ളിൽ നിയമനം നൽകുവാൻ കഴിയാതിരുന്നത്. റഗുലർ എഫ്.ടി.എം. തസ്തിക ആവിർഭവിച്ചപ്പോൾ നിശ്ചിത ഉയർന്ന

പ്രായപരിധി അധികരിച്ചിരുന്നു. എന്നാൽ സ്ഥിരനിയമനം ലഭിക്കുന്നതിന് മുൻപ് നിയമനാർത്ഥി ഈ മാനേജ്മെന്റിന് കീഴിലുള്ള തൈക്കുടം സെന്റ് അഗസ്റ്റിൻസ് യു.പി.സ്കൂളിൽ 2013 മുതൽ 2018 വരെ സ്കൂൾ പി.ടി.എ.യുടെ നിർദ്ദേശാനുസരണം സ്കൂൾ ശുചീകരണ ജോലികൾ ചെയ്തുവരികയായിരുന്നു. ഉയർന്നപ്രായപരിധിയിൽ ഇളവ് അനുവദിച്ച് ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടെ 01-06-2019 മുതലുള്ള എഫ്.ടി.എം. നിയമനത്തിന് അംഗീകാരം നൽകുവാൻ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് മാനേജർ അപേക്ഷിച്ചു.

5. ശ്രീമതി ജോസഫിൻ ഗ്ലിൻഡ ഡിസിൽവയുടെ നിയമനത്തിന് പ്രായപരിധിയിൽ ഇളവ് നൽകുന്നത് പരിഗണനാർഹമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി ജോസഫിൻ ഗ്ലിൻഡ ഡിസിൽവയെ 01/06/2019 ൽ എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടെ ജനന തിയതി 28-05-1979 ആണ്. ടിയാൾ ആംഗ്ലോ-ഇന്ത്യൻ കമ്മ്യൂണിറ്റിയിൽപ്പെട്ട ആളായതിനാൽ മൂന്നു വർഷത്തെ വയസിളവ് ലഭിക്കുന്നതാണ്. എന്നാൽ നിയമന തിയതിയായ 01-06-2019 തീയതി പ്രാബല്യത്തിൽ 01-01-2019ലെ പൂർത്തീകരിച്ച വയസ്സ് കണക്കാക്കുമ്പോൾ നിയമനാർത്ഥി 39 വയസ്സും 07 മാസവും പൂർത്തീകരിച്ചിട്ടുണ്ട്. ഒ.ബി.സി വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിലെ ഇളവ് ബാധകമാകാത്തതിനാൽ ഈ നിയമനം നിരസിച്ചിരുന്നു. എന്നാൽ ബഹു ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം മുൻ ഉത്തരവുകൾ റദ്ദ് ചെയ്യുകയും, EXt.P13, Ext.P14 എക്സിബിറ്റുകളുടെ അടിസ്ഥാനത്തിൽ പുന പരിശോധിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം.ജെ 2/24/2019/പൊ.വി.വ തീയതി 24/01/2020 ൽ വിവക്ഷിക്കുന്ന സവിശേഷ സാഹചര്യമായി കണക്കാക്കാനാകില്ലെങ്കിൽ കൂടി മാനുഷിക പരിഗണന നൽകി ഹർജിക്കാരിയ്ക്കും കൂടി വയസ്സിളവ് നൽകുന്നത് ഉചിതമായിരിക്കും എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും അതിദയനീയമായ കുടുംബ പശ്ചാത്തലമാണ് ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടേതെന്നും കുടുംബത്തിൽ ഒരു വരുമാന മാർഗ്ഗവും ഇല്ല എന്നും ടി ജോലി ഹർജ്ജിക്കാരിക്ക് കുടുംബം പോറ്റുന്നതിന് വളരെ അത്യാവശ്യമാണെന്നും പരാമർശം 3 പ്രകാരം എറണാകുളം ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ, ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവയുടെ പൊന്നുരുന്നി സെന്റ് റീത്താസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ തസ്തികയിലെ 01.06.2019 മുതലുള്ള നിയമനത്തിന് അംഗീകാരം നല്കുന്നതിനായി മാനുഷിക പരിഗണന നൽകിയും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്കു വിധേയമായും ചട്ടങ്ങളിൽ ഇളവ് വരുത്തി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുത്തരവാകുന്നു. അപ്രകാരം ശ്രീമതി. ജോസ്ഫിൻ ഗ്ലിൻഡ ഡിസിൽവ ഫയൽ ചെയ്ത 16297/2023 നമ്പർ റിട്ട് പെറ്റിഷനിൽ 07.06.2024ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി ജോസ്റ്റിൻ ഗ്ലിൻഡ ഡിസിൽവ, ഫുൾ ടൈം മീനിയൽ, ST.RITA'S HIGH SCHOOL PONNURUNNI, എറണാകുളം-682 019
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം
ജനറൽ മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ARCHDIOCESE OF VERAPOLY, എറണാകുളം-682 011
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar, C. O
സെക്ഷൻ ഓഫീസർ
Date: 24-01-2026 11:15:22

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.